"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ്-എക്സൈസ് - ഇടുക്കി ഡിവിഷനിലെ കട്ടപ്പന റെയിഞ്ചിലെ 1, 2, 4 ഗ്രൂപ്പുകൾ, അടിമാലി റെയിഞ്ചിലെ ഗ്രൂപ്പ്-4, എന്നീ കള്ളുഷാപ്പുകൾ നടത്തിയ വകയിൽ അബ്കാരി കുടിശ്ശികക്കാരനായ, പരേതനായ ജോസഫ് തോമസ് ആഞ്ഞിലിമൂട്ടിൽ, എന്നയാളുടെ പേരിലുളള അബ്കാരി കുടിശ്ശിക എഴുതി തളളുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**നികുതി (എ) വകുപ്പ്**

G.O.(Rt)No.296/2022/TAXES തീയതി,തിരുവനന്തപുരം, 13-04-2022

---

പരാമർശം:- എക്സൈസ് കമ്മീഷണറുടെ 10.05.2021 ലെ XM4-22179/03 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ഡിവിഷനിലെ കട്ടപ്പന, അടിമാലി എക്സൈസ് റേഞ്ചുകളിൽ 1996-97 കാലയളവിൽ കട്ടപ്പന റെയിഞ്ചിലെ 1, 2, 4 ഗ്രൂപ്പുകൾ, അടിമാലി റെയിഞ്ചിലെ ഗ്രൂപ്പ്-4, എന്നീ കള്ളുഷാപ്പുകൾ നടത്തിയ വകയിൽ കുടിശ്ശിക തുകയും പലിശയും ചേർത്ത് ആകെ 92,31,800/- രൂപ (തൊണ്ണൂറ്റിരണ്ട് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി എണ്ണൂറ് രൂപ മാത്രം) പരേതനായ ജോസഫ് തോമസ് ആഞ്ഞിലിമൂട്ടിൽ, തങ്കമണി വില്ലേജ്, ഉടുമ്പൻചോല താലൂക്ക്, ഇടുക്കി ജില്ല എന്നയാളിൽ നിന്നും കുടിശ്ശികയായിട്ടുണ്ടെന്നും, ടിയാൻ സോൾവൻസിയായി സമർപ്പിച്ചിരുന്ന തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി വില്ലേജിലെ സർവ്വേ നമ്പർ 378/3-ൽ ഉൾപ്പെട്ട സ്ഥലം ലേലം ചെയ്ത് വിറ്റ വകയിൽ 2,24,000/- രൂപ അടവ് വന്നിട്ടുളളതാണെന്നും ടിയാനിൽ നിന്നോ ടിയാന്റെ അനന്തരാവകാശികളിൽ നിന്നോ ബാക്കി തുക ഈടാക്കാൻ സാധ്യമല്ലായെന്നും ആയതിനാൽ ടിയാന്റെ പേരിലുള്ള കുടിശ്ശിക എഴുതിത്തളളുവാനുളള തുടർ നടപടികൾ സ്വീകരിക്കണമെന്നും എക്സൈസ് കമ്മീഷണർ പരാമർശ പ്രകാരം ശുപാർശ ചെയ്തിരുന്നു.

എക്സൈസ് കമ്മീഷണറുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. ഇടുക്കി ഡിവിഷനിലെ കട്ടപ്പന, അടിമാലി എക്സൈസ് റേഞ്ചുകളിൽ 1996-97 കാലയളവിൽ കട്ടപ്പന റെയിഞ്ചിലെ 1, 2, 4 ഗ്രൂപ്പുകൾ, അടിമാലി റെയിഞ്ചിലെ ഗ്രൂപ്പ്-4, എന്നീ കള്ളുഷാപ്പുകൾ നടത്തിയിരുന്ന പരേതനായ ജോസഫ് തോമസ് ആഞ്ഞിലിമൂട്ടിൽ എന്നയാളുടെ പേരിലുള്ള അബ്കാരി കുടിശ്ശികയായ മുതൽ ഇനത്തിൽ 17,83,504/- രൂപയും, പലിശ ഇനത്തിൽ 74,48,296/- രൂപയും അടക്കം ആകെ 92,31,800/- രൂപ (തൊണ്ണൂറ്റിരണ്ട് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി എണ്ണൂറ് രൂപ മാത്രം) എഴുതിതള്ളുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

എക്സൈസ് കമ്മീഷണർ ഇതു സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K R JYOTHILAL
PRINCIPAL SECRETARY

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള,തിരുവനന്തപുരം.
ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, ഇടുക്കി.
ധനകാര്യ വകുപ്പ് (03.12.2021 ലെ വ്യയം -ബി1/395/2021-ഫിൻ പ്രകാരം)
പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം.നം.658)
വെബ്ബ് ആന്റ് ന്യൂ മീഡിയ/വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Santhoshkumar P B**
**Date: 13-04-2022 15:30:58**
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 12-04-2022

ഫയൽ നം. ഇ-ഫയൽ-എ2/63/2021-നികുതി.

ഇനം നം: 658

വിഷയം : നികുതി വകുപ്പ് - ഇടുക്കി ഡിവിഷനിലെ കട്ടപ്പന, അടിമാലി എന്നീ റേഞ്ചുകളിൽ 1996-97 വർഷത്തിൽ കള്ളുഷാപ്പുകൾ നടത്തിയിരുന്ന വകയിൽ കുടിശ്ശികക്കാരനായ, പരേതനായ ജോസഫ് തോമസ് ആഞ്ഞിലിമൂട്ടിലിന്റെ പേരിലുള്ള അബ്കാരി കുടിശ്ശിക എഴുതി തള്ളുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

12/4

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, നികുതി (എക്സൈസ്) വകുപ്പ്.

658

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ-ഫയൽ-എ 2/63/2021-നികുതി |
| 2 | വകുപ്പ് | : | നികുതി (എ) വകുപ്പ് |
| 3 | വിഷയം | : | ഇടുക്കി ഡിവിഷനിലെ കട്ടപ്പന, അടിമാലി എന്നീ റേഞ്ചുകളിൽ 1996-97 വർഷത്തിൽ കള്ളുഷാപ്പുകൾ നടത്തിയിരുന്ന വകയിൽ കുടിശ്ശികക്കാരനായ, പരേതനായ ജോസഫ് തോമസ് ആഞ്ഞിലിമൂട്ടിലിന്റെ പേരിലുള്ള അബ്കാരി കുടിശ്ശിക എഴുതി തള്ളുന്നത്- സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 22.03.2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചി ട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ദിലീപ് കുമാർ റ്റി.ഐ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.ആർ ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 04.04.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 06/04/2022 |
| 12 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.എം.വി. ഗോവിന്ദൻ മാസ്റ്റർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 06.04.2022. |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 07.04.2022 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഇടുക്കി ഡിവിഷനിലെ കട്ടപ്പന റെയിഞ്ചിലെ 1, 2, 4 ഗ്രൂപ്പുകൾ, അടിമാലി റെയിഞ്ചിലെ ഗ്രൂപ്പ്-4, എന്നീ കള്ളുഷാപ്പുകൾ നടത്തിയ വകയിൽ അബ്കാരി കുടിശ്ശികക്കാരനായ, പരേതനായ ജോസഫ് തോമസ് ആഞ്ഞിലിമൂട്ടിൽ, എന്നയാളുടെ പേരിലുള്ള അബ്കാരി കുടിശ്ശികയായ 92,31,800/- രൂപ (തൊണ്ണൂറ്റിരണ്ട് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി എണ്ണൂറ് രൂപ മാത്രം) എഴുതിതള്ളുന്നതു സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

ഇടുക്കി ഡിവിഷനിലെ കട്ടപ്പന, അടിമാലി എക്സൈസ് റേഞ്ചുകളിൽ 1996-97 കാലയളവിൽ കട്ടപ്പന റെയിഞ്ചിലെ 1, 2, 4 ഗ്രൂപ്പുകൾ, അടിമാലി റെയിഞ്ചിലെ ഗ്രൂപ്പ്-4, എന്നീ കള്ളുഷാപ്പുകൾ നടത്തിയ വകയിൽ കുടിശ്ശിക തുകയും പലിശയും ചേർത്ത് ആകെ 92,31,800/- രൂപ (തൊണ്ണൂറ്റിരണ്ട് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി എണ്ണൂറ് രൂപ മാത്രം) പരേതനായ ജോസഫ് തോമസ് ആഞ്ഞിലിമൂട്ടിൽ, തങ്കമണി വില്ലേജ്, ഉടുമ്പൻചോല താലൂക്ക്, ഇടുക്കി ജില്ല എന്നയാളിൽ നിന്നും കുടിശ്ശികയായിട്ടുണ്ടെന്നും, ടിയാൻ സോൾവൻസിയായി സമർപ്പിച്ചിരുന്ന തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി വില്ലേജിലെ സർവ്വേ നമ്പർ 378/3-ൽ ഉൾപ്പെട്ട സ്ഥലം ലേലം ചെയ്ത് വിറ്റ വകയിൽ 2,24,000/- രൂപ അടവ് വന്നിട്ടുള്ളതാണെന്നും ടിയാനിൽ നിന്നോ ടിയാന്റെ അനന്തരാവകാശികളിൽ നിന്നോ ബാക്കി തുക ഈടാക്കാൻ സാധ്യമല്ലായെന്ന് 10.05.2021 ലെ കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി കുടിശ്ശിക തുക എഴുതി തള്ളണമെന്ന് എക്സൈസ് കമ്മീഷണർ ശുപാർശ ചെയ്തിട്ടുമുണ്ട്. കൂടാതെ കുടിശ്ശികക്കാരന്റെ പേരിലോ അനന്തരാവകാശികളുടെ പേരിലോ യാതൊരുവിധ സ്ഥാവരജംഗമ വസ്തുക്കളും ഇല്ലായെന്ന് എല്ലാ ജില്ലാകളക്ടർമാരും സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്.

ഈ വിഷയത്തിൽ ഫയൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

**"ഇടുക്കി ഡിവിഷനിലെ 1996-97 വർഷത്തെ അടിമാലി കട്ടപ്പന റെയിഞ്ചുകളിലെ അബ്കാരി കുടിശ്ശികക്കാരനായ ജോസഫ് തോമസ് കടബാധ്യത മൂലം ആത്മഹത്യ ചെയ്ത സാഹചര്യത്തിലും, കുടിശ്ശിക തുക വസൂലാക്കാൻ കഴിയുന്ന തരത്തിൽ ടിയാന്റെ പേരിലോ അനന്തരാവകാശികളുടെ പേരിലോ വസ്തു വകകൾ ഒന്നും ഇല്ലാത്ത സാഹചര്യത്തിലും പ്രസ്തുത തുക ഇനി ഈടാക്കാൻ കഴിയില്ല എന്നതിനാൽ എഴുതി തള്ളുന്നതിന് അനുമതി നൽകാവുന്നതാണ് എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. ഈ തീരുമാനത്തിന് ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.""**

ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതു പ്രകാരം ബാദ്ധ്യത എഴുതി തള്ളുന്നതിനായി ഫയൽ സമർപ്പിച്ചപ്പോൾ, ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ഇടുക്കി ഡിവിഷനിൽ 1996-97 കാലയളവിൽ കട്ടപ്പന റെയിഞ്ചിലെ 1, 2, 4 ഗ്രൂപ്പുകൾ, അടിമാലി റെയിഞ്ചിലെ ഗ്രൂപ്പ്-4, എന്നീ കള്ളുഷാപ്പുകൾ നടത്തിയ വകയിൽ അബ്കാരി കുടിശ്ശികക്കാരനായ, പരേതനായ ശ്രീ.ജോസഫ് തോമസ് ആഞ്ഞിലിമൂട്ടിൽ എന്നയാളുടെ പേരിലുള്ള അബ്കാരി കുടിശ്ശികയായ 92,31,800/- രൂപ (തൊണ്ണൂറ്റിരണ്ട് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി എണ്ണൂറ് രൂപ മാത്രം) (മുതൽ 17,83,504/- രൂപ + പലിശ 74,48,296/- രൂപ) ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം എഴുതി തള്ളാവുന്നതാണോ?